# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26




**ജി.എൽ പി.എസ് മാമാങ്കര**

**സമഗ്രഗുണമേന്മാ വിദ്യാഭ്യാസം**
**ഞങ്ങളുടെ ലക്ഷ്യം**

# സ്ക്രൂൾ പ്രൊഫൈൽ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ജി.എൽ.പി.സ്കൂൾ മാമാങ്കര |
| മേൽവിലാസം | : | മാമാങ്കര, കംബ്ലക്കല്ല് പി.ഒ, 679 333 |
| വിദ്യാഭ്യാസ ഉപ ജില്ല | : | നിലമ്പൂർ |
| വിദ്യാഭ്യാസ ജില്ല | : | വണ്ടൂർ |
| റവന്യൂ ജില്ല | : | മലപ്പുറം |
| ഗ്രാമ പഞ്ചായത്ത് | : | വഴിക്കടവ് |
| ബ്ലോക്ക് പഞ്ചായത്ത് | : | നിലമ്പൂർ |
| വില്ലേജ് | : | വഴിക്കടവ് |
| താലൂക്ക് | : | നിലമ്പൂർ |
| സ്കൂൾ ഉടമസ്ഥത | : | ഗവൺമെന്റ് |
| സ്ഥാപിത വർഷം | : | 1973 |
| ക്ലസ്റ്റർ സെന്റർ | : | വെണ്ടേക്കും പൊട്ടി |
| സ്കൂൾ വിഭാഗം | : | ലോവർ പ്രൈമറി |
| സ്കൂൾ കോഡ് | : | 48419 |
| യു ഡയസ് കോഡ് | : | 32050400107 |
| ഫോൺ | : | 8547795167 |
| ഇ മെയിൽ | : | glpsmamankara@gmail.com |
| സ്കൂൾ ബ്ലോഗ് | : | glpsmamankara.blog spot |
| പ്രധാനാധ്യാപിക | : | സോളി തോമസ് |
| എസ്.എം.സി. ചെയർമാൻ | : | സുബൈർ എം.കെ |
| എം.ടി .എ .പ്രസിഡന്റ് | : | ഷെറീന എം.സി |

## ആമുഖം

മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിലെ തമിഴ്നാട് അതിർത്തിയോട് ചേർന്ന് കിടക്കുന്ന മലയോര ഗ്രാമമാണ് മാമാങ്കര. ശ്രീ .ആലാമ്പള്ളി അന്ത്രയോസ് എന്ന മഹത് വ്യക്തി ദാനമായി നൽകിയ ഒരേക്കർ സ്ഥലത്ത് 1973 ഒക്ടോബർ 10-ാം തിയ്യതി ഈ വിദ്യാലയം സ്ഥാപിതമായി. ഏകദേശം കാൽനൂറ്റാണ്ട് കാലത്തോളം കെട്ടിടങ്ങളുടെ അപര്യാപ്തതയും അധ്യാപകരുടെ കുറവും ഈ വിദ്യാലയത്തിന് നേരിടേണ്ടിവന്ന പ്രശ്നങ്ങളാണ്. എന്നാൽ 1995 ആയപ്പോഴേക്കും ഡി.പി.ഇ.പി ഗ്രാമപഞ്ചായത്ത് എന്നിവയുടെ പ്രവർത്തനഫലമായി ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടാൻ തുടങ്ങി. ഈ പ്രദേശത്തെ ഗതാഗതം മെച്ചപ്പെട്ടതോടെ അധ്യാപകരുടെ കുറവിനും പരിഹാരമായി. ഉയർന്ന പഠനനിലവാരവും കലാരംഗത്ത് അനവധി വർഷങ്ങളായി സബ്ജില്ലാ ചാമ്പ്യൻഷിപ്പും ഈ വിദ്യാലയത്തിന് സ്വന്തമാണ്. കുട്ടികളുടെ എണ്ണത്തിൽ ഈ വിദ്യാലയം സബ്ജില്ലയിൽ ഏറ്റവും മുൻപന്തിയിലാണ്.

ഈ വിദ്യാലയത്തിൽപ്രീ-പ്രൈമറി പ്രൈമറി തലത്തിലായി 750 വിദ്യാർത്ഥികൾ പഠിക്കുന്നു. ഇവയിൽ 90 ശതമാനവും പിന്നാക്ക ന്യൂനപക്ഷ സമുദായത്തിൽ പെട്ട മുസ്ലീം വിദ്യാർഥികളാണ്. പട്ടികജാതി ,പട്ടികവർഗത്തിൽപെട്ട വിദ്യാർഥികളും ഇവിടെ പഠിച്ചുവരുന്നു. ഭൂരിപക്ഷം കുട്ടികളും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവരാണ്.

സമഗ്രഗുണമേന്മാ വിദ്യാഭ്യാസം എന്ന ലക്ഷ്യം സാക്ഷാത്കരിക്കണമെങ്കിൽ ഇനിയും ഈ വിദ്യാലയത്തിന് ബഹുദൂരം മുന്നോട്ടു പോവേണ്ടതുണ്ട്. നിലവിലുണ്ടായിരുന്ന 22 ക്ലാസ് മുറികളിൽ രണ്ടെണ്ണത്തിന് പ്രവർത്തനാനുമതി നിഷേധിക്കപ്പെട്ടിരിക്കുകയാൽ രണ്ട് ക്ലാസുകൾ അടുത്തുള്ള മദ്രസ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. നിലവിലെ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് 9 ക്ലാസ് മുറികൾ കൂടി ഉണ്ടാകേണ്ടതുണ്ട്. ഇതിനു പുറമേ കമ്പ്യൂട്ടർ ലാബ്, ഗണിത ലാബ്, ലൈബ്രറി,ഭക്ഷണ ഹാൾ എന്നിവയ്ക്കും പുതിയ കെട്ടിടങ്ങൾ ഉണ്ടാവേണ്ടിയിരിക്കുന്നു. അധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ക്ലാസുകൾ എടുക്കണമെങ്കിൽ ഓരോ ക്ലാസ് മുറികളും സ്മാർട്ട് മുറികളാകണം കേരള ഗവൺമെന്റ് ഗ്രാമ പഞ്ചായത്ത്, എസ്. എസ്.കെ തുടങ്ങിയ ഏജൻസികളുടെ ധനസഹായം യഥാസമയം ലഭിച്ചാൽ സംസ്ഥാനത്തെ തന്നെ ഒരു മാതൃകാവിദ്യാലയമാക്കി മാറ്റാൻ കഴിയും.

## ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ
- ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തി അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുക. കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യവും ഒരുക്കിക്കൊടുക്കുക.
- ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക
- ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുക.
- മുഴുവൻ ക്ലാസുകളിലും ഐസിടി സാധ്യത ഉറപ്പുവരുത്തുക.
- പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക
- പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.
- മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക.
- ലഘു പഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- പുതിയ തലമുറയിൽപ്പെട്ട കുട്ടികൾക്ക് കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക.

## കാഴ്ചപ്പാട്

- എല്ലാകുട്ടികൾക്കും അതത് ക്ലാസ്സുകളിൽ ആർജിക്കേണ്ട പഠന നേട്ടങ്ങൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുന്നു.
- ആൺ, പെൺ വിവേചനമില്ലാതെ എല്ലാവർക്കും അവസരതുല്യത ഉറപ്പു വരുത്തുന്നു.
- കുട്ടികളുടെ പ്രകൃതിക്കും താൽപര്യത്തിനും ഇണങ്ങുന്ന ശിശു സൗഹൃദ വിദ്യാലയം ഒരുക്കുന്നു.
- കലാ-കായിക, പ്രവൃത്തിപരിചയ വിഷയങ്ങളിൽ കുട്ടികളുടെ കഴിവുകൾ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുന്നു.
- ജലം അമൂല്യമാണ് എന്ന് തിരിച്ചറിഞ്ഞ് ജല സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- കാർഷിക സംസ്കാരം വളർത്തുന്നതിന്റെ ഭാഗമായി ജൈവ കൃഷി പ്രോത്സാഹി പ്പിക്കണം.
- വിദ്യാലയം ഒരു പാഠപുസ്തകം എന്ന കാഴ്ച്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ജൈവ വൈവിധ്യ ഉദ്യാനത്തിന്റെ വിപുലീകരണവും പരിപാലനവും ഏറ്റെടുത്ത് നടത്തും.
- സ്കൂൾ ലൈബ്രറി സംവിധാനം ആകർഷകമാക്കി പുസ്തകങ്ങളുടെ ഉപയോഗം ഫലപ്രദമാക്കും.
- എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് എന്നീ ഭാഷകൾ സംസാരിക്കാനും വായി ക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പ് വരുത്തും.
- സ്വതന്ത്രവായനയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ക്ലാസ്സ് ലൈബ്രറികൾസ്ഥാപിക്കും..
- രുചികരവും പോഷകസമൃദ്ധവുമായ ആഹാരം ഉറപ്പ് വരുത്തും.
- ശാസ്ത്രം ഗണിതം ഇവയിലുള്ള അഭിരുചി വർധിപ്പിക്കുന്നതിനായി ലാബുകൾ സ്ഥാപി ക്കും.
- പഠനബോധന പ്രവർത്തനങ്ങൾ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി എല്ലാ ക്ലാസ്സ് മുറികളും സ്മാർട് ക്ലാസ്സ് റൂമുകളാക്കണം.
- പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ പ്രത്യേക പരിശീലനത്തിലൂടെ മുന്നിലെത്തിക്കണം.
- രക്ഷിതാക്കളും വിദ്യാലയവും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക പരിപാടികൾ ആവിഷ്കരിക്കും.
- കുട്ടികളെ അവതരണ മികവുള്ളവരാക്കാനായി സ്കൂൾ റേഡിയോ, ബാലസഭ, സ്കൂൾ അസംബ്ലി,സി.പി.ടി.എ എന്നിവ പ്രയോജനപ്പെടുത്തണം.

# നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

| വിഭാഗം | നിലവിലുള്ളത് | ആവശ്യമുള്ളത് |
|---|---|---|
| ക്ലാസ് മുറി | 22 | 9 |
| സ്മാർട്ട് ക്ലാസ് റൂം | 2 | 5 |
| ആൺകുട്ടികൾക്കുള്ള ടോയ്‌ലെറ്റ് | 14 | - |
| പെൺകുട്ടികൾക്കുള്ള ടോയ്‌ലെറ്റ് | 14 | - |
| കിണർ | 1 | - |
| ലൈബ്രറി | - | 1 |
| ചുറ്റമതിൽ | ഉണ്ട് | ബലക്ഷയമുള്ള തിനാൽ പുതിയത് വേണം |
| കളിസ്ഥലം | 1 | - |
| അടുക്കള | 1 | - |
| ഭക്ഷണ ഹാൾ | - | 1 |
| കമ്പ്യൂട്ടർ ലാബ് | - | 1 |
| റീഡിംഗ് റൂം | - | 1 |
| സ്റ്റേജ് | 1 | - |
| സ്കൂൾ വാഹനം | 4 | 2 |
| ലാപ് ടോപ് | 10 | 10 |
| കമ്പ്യൂട്ടർ | 2 | 10 |
| പ്രൊജക്ടർ | 7 | 11 |
| സൗണ്ട് സിസ്റ്റം | 1 | 1 |
| ഗ്രീൻ ബോർഡ് | 15 | 3 |
| സ്മാർട്ട് ടി വി | 2 | 4 |

# പ്രശ്നങ്ങൾ, വെല്ലുവിളികൾ

## *അക്കാദമികം*

1. മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.
2. റിസോഴ്സ് അധ്യാപകരുടെ കുറവ്.
3. ഭിന്ന നിലവാരക്കാരെ പരിഗണിച്ച് കൊണ്ടുള്ള പാഠ്യപദ്ധതിയുടെ അഭാവം.
4. പത്ത്ശതമാനം കുട്ടികൾക്ക് അടിസ്ഥാനശേഷി കൈവരിക്കാൻ സാധിക്കുന്നില്ല.
5. ശരിയായ കായികക്ഷമത ഉറപ്പുവരുത്താൻ കഴിയുന്നില്ല.
6. ഓരോ കുട്ടിയുടെയും കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ കഴിയുന്നില്ല.
7. ചിലകുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്,ഗണിതം എന്നീ വിഷയങ്ങളിൽ നിർദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ ആർജിക്കാൻ കഴിയുന്നില്ല.
8. പ്രാദേശിക വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
9. പഠനപ്രക്രിയ പൂർണമായും വൈവിധ്യമുള്ളതാക്കാനും ശാസ്ത്രീയമാക്കാനും കഴിഞ്ഞിട്ടില്ല.
10. ക്ലാസ് ലൈബ്രറിയുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമാവുന്നില്ല.
11. കുട്ടികൾക്കാവശ്യമായ ഗൈഡ്ലൈൻസ്/കൗൺസിലിംഗ് നൽകാനാവശ്യമായ ശാസ്ത്രീയമായ മാർഗങ്ങളുടെ അഭാവം.
12. പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ക്ലബ് പ്രവർത്തനങ്ങൾ മാറുന്നില്ല.
13. വ്യത്യസ്ത മേഖലകളിൽ പരിശീലനം നേടിയ അധ്യാപകരുടെ അഭാവം.
14. കലാ- സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉണ്ടാവുന്നില്ല.
15. പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങളുടെ ആധിക്യവും സമയ പരിമിതിയും

## ഭൗതികം

1. ക്ലാസ് മുറികളുടെ അപര്യാപ്തത
2. ഭൂമിശാസ്ത്രപരമായ ഘടന.
3. ക്ലാസ് ലൈബ്രറിക്ക് വിപുലമായ സൗകര്യമില്ല.
4. ടോയ് ലെറ്റുകൾ വൃത്തിയായി സൂക്ഷിക്കാൻ കഴിയുന്നില്ല.
5. പ്രഭാത ഭക്ഷണം കഴിക്കാതെ കുട്ടികൾ സ്കൂളിലെത്തുന്നു.
6. കലാകായിക പ്രവർത്തനങ്ങൾക്കാവശ്യമായ പ്രോത്സാഹനം നൽകാൻ വിദഗ്ധരുടെ സേവനം എപ്പോഴും ലഭ്യമാക്കാൻ സാധിക്കുന്നില്ല

7. ഭാഷാലാബ് പ്രവർത്തനക്ഷമമായിട്ടില്ല.
8. വിദ്യാലയം ഒരു പാഠപുസ്തകം എന്ന അവസ്ഥ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.
9. മതിയായ വാഹന സൗകര്യം ലഭ്യമാക്കാൻ കഴിയുന്നില്
10. കളിസ്ഥലത്തിന്റെ അപര്യാപ്തത
11. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പരിശീലനം നൽകുന്നതിനനുയോജ്യമായ സൗകര്യങ്ങളുടെ അപര്യാപ്തത

## സാമൂഹികം

1. ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൾ, സാമൂഹ്യ പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധം ഇല്ല.
2. ഭിന്നശേഷിക്കാരുടെ മികച്ച പഠനത്തിനും ജീവിതത്തിനും നിലവിലുള്ള നിയ പരിരക്ഷയെ കുറിച്ച് ധാരണയില്ല.
3. വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുന്നില്ല.
4. പൂർവ്വ വിദ്യാർത്ഥി സംഘടന, പൂർവ്വ അധ്യാപക സംഘടന, എസ്.എം.സി. എസ്.എം.ഡി .സി, പി.ടി.എ എന്നീ സ്ഥാപനങ്ങളുടെ സാധ്യതകൾ വേണ്ടവിധം കണ്ടെത്തി പ്രയോജനപ്പെടുത്തുന്നില്ല.
5. പ്രാദേശിക വിഭവപടം തയ്യാറാക്കി പ്രദേശത്ത് ലഭ്യമായ പ്രതിഭകളുടെ സഹായം വിദ്യാലയത്തിന് ഉറപ്പാക്കുന്നില്ല.
6. കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല.
7. കലാ-കായിക പ്രവൃത്തിപരിചയ സാംസ്കാരിക പരിപാടികൾ ഏകോപിപ്പിക്കുന്നതിനും സഹായിക്കുന്നതിനും സമൂഹത്തിലെ പ്രതിഭകളുടെ സഹായം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

# അധ്യാപകരുടെ വിവരങ്ങൾ

| | പേര് | | ചുമതല |
|---|---|---|---|
| 1 | സോളി തോമസ് | ഹെഡ്മിസ്ട്രസ് | |
| 2 | മേരി സ്വപ്ന കെ.ജെ | ക്ലാസ് - 1 | ഉച്ചഭക്ഷണം |
| 3 | ലിജ.ജി. ഒറവനാന്തടം | ക്ലാസ് - 1 | സ്റ്റാഫ് സെക്രട്ടറി, ഉച്ചഭക്ഷണം |
| 4 | ജിപ്സി മോൾ വർഗീസ് | ക്ലാസ് - 1 | ശുചിത്വം,ഹരിതകർമസേന |
| 5 | ഷൈല സി | ക്ലാസ് - 1 | അച്ചടക്കം, ശുചിത്വം, കലാമേള |
| 6 | സാബിറ എം.ബി | ക്ലാസ് - 1 | വിദ്യാരംഗം, സാമ്പത്തികം |
| 7 | ബീത എം.എം | ക്ലാസ് - 2 | SRG കൺവീനർ,ജനറൽകൺവീനർ (ശാസ്ത്ര -പ്രവൃത്തിപരിചയം) |
| 8 | രഞ്ജിനി ടി | ക്ലാസ് - 2 | സ്കൂൾ വാഹനം, ഡോക്യുമെന്റേഷൻ |
| 9 | ഷിജി സാറാ മാത്യു | ക്ലാസ് - 2 | S ITC,വിജയസ്പർശം |
| 10 | ജിൻസി ജെയിംസ് | ക്ലാസ് - 2 | സ്കൂൾ വാഹനം, പബ്ലിസിറ്റി |
| 11 | ബെറ്റി ജോൺ | ക്ലാസ് - 3 | ലൈബ്രറി, സമ്മാനങ്ങൾ |
| 12 | അഹമ്മദ് കുഞ്ഞ് പി | ക്ലാസ് - 3 | സ്കൂൾ വാഹനം,കായിക മേള |
| 13 | അഷിത | ക്ലാസ് - 3 | ഉദ്യാനം,ഡോക്യുമെന്റേഷൻ |
| 14 | ഫസലത്ത് ബാനു | ക്ലാസ് - 3 | ലൈബ്രറി , ഉദ്യാനം |
| 15 | അനുഷ കെ | ക്ലാസ് - 4 | സൗണ്ട്സിസ്റ്റം, സയൻസ് ക്ലബ്ബ്, ഇലക്ട്രിക് & പ്ലംബിംഗ് |
| 16 | ഷമീമ ഷെറിൻ | ക്ലാസ് - 4 | സൗണ്ട് സിസ്റ്റം, ഇലക്ട്രിക് & പ്ലംബിംഗ് മെയ്ന്റനൻസ് |
| 17 | ഷാന്റി സി. എസ് | ക്ലാസ് - 4 | യൂണിഫോം & പാഠപുസ്തകം |
| 18 | സലജ | ക്ലാസ് - 4 | ആരോഗ്യം, I E DC ,അച്ചടക്കം |
| 19 | റുബയ്യ എൻ | ക്ലാസ് - 4 | സ്കൂൾസുരക്ഷ, പബ്ലിസിറ്റി,ഗണിതക്ലബ്ബ് |
| 20 | അബ്ദുൾ ബഷീർ എം.ഐ | അറബിക് | സ്കൂൾ അക്കൗണ്ട്,കായികമേള |
| 21 | മെഹ് റാബി | അറബിക് | ഉച്ചഭക്ഷണം, ശുചിത്വം |
| 22 | സാജിത | അറബിക് | ഡിസിപ്ലിൻ, വിജയസ്പർശം,,സൗണ്ട് സിസ്റ്റം, ഇലക്ട്രിക് & പ്ലംബിംഗ് |

# ഭിന്നശേഷിയുള്ള കുട്ടികളുടെ പട്ടിക

| ക്ലാസ് | ഭിന്നശേഷി | എണ്ണം |
|---|---|---|
| 1 | സെറിബ്രൽ പാൾസി | 1 |
| 4 | ഐ.ഡി | 1 |

# ലക്ഷ്യങ്ങൾ

## മലയാളം

- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
- കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക.
- സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
- ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
- കുട്ടികളിൽ വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

- ഇംഗ്ലീഷിൽ അടിസ്ഥാന ശേഷികൾ കരസ്ഥമാക്കുന്നതിനായി കുട്ടികളെ പ്രാപ്തരാക്കുക.
- സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
- സ്വതന്ത്ര എഴുത്തിലേക്ക് സജ്ജരാക്കുക.
- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകുക.
- ലളിതവാക്യങ്ങളുപയോഗിച്ച് ആശയവിനിമയം നടത്തുന്നതിന് പ്രാപ്തരാക്കുക.

## ഗണിതം

- പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക.
- ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നു വെന്ന് ഉറപ്പാക്കൽ.
- അടിസ്ഥാന ആശയങ്ങൾ മുഴുവൻകുട്ടികളും ആർജിക്കുന്നതിന്
- ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാരബോധനം ഉറപ്പുവരുത്തുന്നു.
- ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്നു ഉറപ്പാക്കൽ.

## പരിസരപഠനം

- ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക.
- ശാസ്ത്ര ബോധം,ശാസ്ത്രീയ മനോഭാവം എന്നിവ വർദ്ധിപ്പിക്കുക.
- ശാസ്ത്ര പ്രക്രിയശേഷികൾ വർദ്ധിപ്പിക്കുക.
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
- ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
- കുട്ടികളിൽ ജനാധിപത്യമൂല്യങ്ങളും നേതൃപാടവവും വളർത്തുക

## അറബി

- അറബി ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നോട്ടുകൊണ്ടുവരിക
- എല്ലാ കുട്ടികളെയും നല്ല വായനക്കാരാക്കുക
- അറബി ഭാഷ സംസാരിക്കാനുള്ള കഴിവ് വർദ്ധിപ്പിക്കുക
- കുട്ടികളിൽ പദസമ്പത്ത് വർദ്ധിപ്പിക്കുക
- അറബി ഭാഷയുടെതനതായും എഴുത്തും രൂപവും ശൈലിയും കുട്ടികൾ ആർജിക്കുക
- ഭാഷാ പഠനത്തിലൂടെ കുട്ടികളുടെ സർഗ്ഗശേഷി ഉയർത്തുക

## തനത് പ്രവർത്തനം

- ആനുകാലിക സംഭവങ്ങളെക്കുറിച്ച് അവബോധമുള്ളവരാക്കുന്നതിനും മത്സര പരീക്ഷകളിൽ വിജയം കൈവരിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക.

## ഐ സി ടി

- കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം ഒരുക്കുക.

- അറിവ് നിർമാണ പ്രക്രിയയിൽ I CT സാധ്യതകൾ പ്രയോജനപ്പെടുത്തുക
- പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ശേഖരിക്കുക, പരിചയപ്പെടുത്തുക.

## പ്രവൃത്തിപരിചയം

- നിർമ്മാണാത്മക കഴിവുകൾ കുട്ടികളിൽ വികസിപ്പിക്കുക.
- പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## സർഗവേദി

- കലാഭിരുചി വളർത്തുക.
- ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരം ഒരുക്കുക .

## ആരോഗ്യകായിക വിദ്യാഭ്യാസം

- മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് പ്രയാസ മേഖലകളിലും മാനസിക പ്രതിസന്ധി ഘട്ടങ്ങളിലും തളരാതെ ആരോഗ്യവാന്മാരാക്കുക.
- എല്ലാ കുട്ടികൾക്കും വ്യായാമം,കളികൾ എന്നിവയിലൂടെ ആരോഗ്യ ക്ഷമത ഉറപ്പു വരുത്തുക.
- എല്ലാകുട്ടികൾക്കും ആരോഗ്യ ക്ഷമതയും ആരോഗ്യത്തിൽ പ്രയാസമുള്ളവരെ കണ്ടെത്തി പരിഹാര ബോധനം നൽകലും.
- എല്ലാ കുട്ടികൾക്കും ആനുകാലികമായി പടർന്നു വരുന്ന മഞ്ഞപ്പിത്തം, കൊറോണ, പേവിഷബാധ തുടങ്ങിയ രോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം

## ഇൻക്ലൂസീവ് എഡ്യൂക്കേഷൻ

- പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികൾക്ക് അവരുടെ പഠനത്തിൽ പിന്തുണയും സഹായവും നൽകുക

## ഹരിതവിദ്യാലയം

- കുട്ടികളിൽ പരിസരശുചീകരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുക.
- കൃഷിയോടുള്ളതാത്പര്യം വളർത്തുക

# മലയാളം

**പ്രവർത്തനം : 1**

**പേര് : പുസ്തകം എന്റെ കൂട്ടുകാരൻ**

**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | ലൈബ്രറിപുസ്തകങ്ങൾ പ്രദർശിപ്പിക്കുന്നു, പുസ്തകങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുന്നു, ക്ലാസ് മുറികളിൽ ലൈബ്രറി പുസ്തക വായന നടത്തുന്നു. | ആഴ്ചയിൽ ഒരു ദിവസം | ' ഭാഷാധ്യാപിക |

**പ്രവർത്തനം : 2**

**പേര്** : എന്റെ പിറന്നാൾ സമ്മാനം

**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ കുട്ടികളുംപിറന്നാൾ സമ്മാനമായി ക്ലാസ് ലൈബ്രറിയിലേക്ക് പുസ്തകം നൽകുന്നു, പിറന്നാൾ സമ്മാനം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

**പ്രവർത്തനം : 3**

**പേര്** : വായന മൂല

**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| മികച്ച വായനാശീലം വളർത്തുക | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ് മുറികളിലും പ്രത്യേകം വായന കോർണർ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ |

**പ്രവർത്തനം : 4**

**പേര്** **:** സംയുക്ത ഡയറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളിലെ രചനാ ശേഷി വികസിപ്പിക്കുന്നതിന്. | എല്ലാ ദിവസവും ഡയറി എഴുതുന്നു. നൂറു ദിവസം ഡയറി എഴുതിയവരെ അഭിനന്ദിക്കുന്നു. സംയുക്ത ഡയറി പ്രകാശനം. | ഓഗസ്റ്റ് മുതൽ മാർച്ച് വരെ |

**പ്രവർത്തനം : 5**

**പേര്** **:** പാട്ടരങ്ങ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ■ ഭാവപ്രകടനം ,ശബ്ദപ്രയോഗം ,സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക.<br>■ പാട്ടുകൾ ,കഥാഗാനങ്ങൾ എന്നിവ ശ്രദ്ധയോടെ കേട്ട് വിവിധ രീതിയിൽ പ്രതികരിക്കുന്നു (അഭിനയം ,താളമിടൽ, ഏറ്റുചൊല്ലൽ)<br>■ പാട്ടരങ്ങുകൾ ശരീര ചലനങ്ങളിലൂടെ ആകർഷകമാക്കുന്നു | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം സംഘടിപ്പിക്കുന്നു.അനുയോജ്യമായ ആംഗ്യ,രാഗ താളങ്ങളുമായി അനുബന്ധിപ്പിക്കുന്ന ഭാവങ്ങൾ സംഘമായി അവതരിപ്പിക്കുന്നു.ഒപ്പം ഉപകരണങ്ങൾ ഉപയോഗിച്ച് താളം ഇടാനും അവസരം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ |

**പ്രവർത്തനം : 6**

**പേര്** : കഥോത്സവം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ◆ കേട്ടതോ വായിച്ചതോ ആയ കഥകളിലെ പ്രധാന സംഭവങ്ങൾ കഥാപാത്രങ്ങൾ എന്നിവ ഗ്രഹിക്കുന്നതിനുള്ള കഴിവ് നേടുന്നു.<br>◆ വായിച്ചതോ കേട്ടതോ ആയ കഥകൾ മറ്റുള്ളവരുടെ മുമ്പാകെ ആസ്വാദ്യമായി അവതരിപ്പിക്കുന്നതിന് കഴിവ് നേടുന്നു.<br>◆ ഇഷ്ടപ്പെട്ട പ്രമേയത്തെ ആസ്പദമാക്കി സ്വന്തമായി കഥകൾ നിർമ്മിക്കുന്നതിനുള്ള കഴിവ് നേടുന്നു. | ക്ലാസ്സിൽ കേട്ട കഥകൾ ഭാവാത്മകമായി സ്വന്തം ഭാഷയിൽ പറയുന്നു. തുടർന്ന് ശബ്ദവ്യതിയാനത്തോടെ ക്ലാസ്സിൽ അവതരിപ്പിക്കുന്നു .കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണം രൂപപ്പെടുത്തുന്നു. ചിത്രസൂചനകളിൽ നിന്നും കഥ വികസിപ്പിച്ച് എഴുതുന്നു. വികസിപ്പിച്ച കഥകൾക്ക് ഉചിതമായ തലക്കെട്ട് നൽകുന്നു. | ഓഗസ്റ്റ് മുതൽ മാർച്ച് വരെ |

**പ്രവർത്തനം : 7**

**പേര്** : ചിത്രകഥാപതിപ്പ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ◆ പരിചിതമായ കഥകളെ ചിത്രകഥ രൂപത്തിലാക്കുന്നു.<br>◆ സ്വന്തം കഥകൾക്ക് ചിത്രീകരണം നടത്തുന്നു. | രസകരമായ കഥകൾ കേട്ട് ചെറുവാക്യങ്ങളിൽ കഥ അവതരിപ്പിച്ചതിനു ശേഷം ലഘു ചിത്രങ്ങൾ വരയ്ക്കുന്നു. ചിത്രങ്ങളുടെ അടിയിൽ ലഘുവാക്യങ്ങൾ എഴുതുന്നു. ഓരോ കുട്ടികളുടെയും കഥകൾ സമാഹരിച്ച് പതിപ്പ് രൂപത്തിലാക്കുന്നു. | ജനുവരി മുതൽ മാർച്ച് വരെ. |

**പ്രവർത്തനം : 8**

**പേര് : ക്ലാസിലൊരു ലൈബ്രറി**

**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാ ശീലം വളർത്തുക | ക്ലാസ് ലൈബ്രറി സജ്ജമാക്കൽലൈബ്രറി പ്രവർത്തനങ്ങൾക്ക് ചുമതല നൽകൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാദ്ധ്യാപകർ | 1000 |

**പ്രവർത്തനം : 9**

**പേര് : വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള രചനാപരിചയക്കുറിപ്പ് തയ്യാറാക്കൽ,**

**ഉപമേഖല : വായനാക്കുറിപ്പ് തയ്യാറാക്കൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും എഴുതുന്നതിനും വായിക്കുന്നതിനുംപ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള രചനാ പരിചയക്കുറിപ്പ് തയ്യാറാക്കൽ, വായനാക്കുറിപ്പ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാദ്ധ്യാപകർ | 1000 |

**പ്രവർത്തനം : 10**

**പേര് : കൈത്താങ്ങ്**

**ഉപമേഖല : ആശയഗ്രഹണ ശേഷി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയ വിനിമയ ശേഷി കൈവരിക്കൽ | പഠനപിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ ആഗസ്റ്റ്മുതൽ വരെ | ഭാഷാദ്ധ്യാപകർ | 1000 |

## ഇംഗ്ലീഷ്

**പ്രവർത്തനം : 1**

**പേര്** : ലിസണിങ്ങ് ടെസ്റ്റ് ( 1, 2,3, 4 ക്ലാസ്സുകളിൽ)

**ഉപമേഖല** : ഭാഷാ ശ്രവണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ശ്രവണ ശേഷി മെച്ചപ്പെടുത്തുന്നതിന്. | കുട്ടികളുടെ ഭാഷാ ശ്രവണ പ്രകടന ശേഷി മൂല്യനിർണയം നടത്തുന്നു. | ജൂലൈ-ആഗസ്റ്റ് | ഭാഷദ്ധ്യാപകർ | 1000 |

**പ്രവർത്തനം : 2**

**പേര്** : ഇംഗ്ലീഷ് അസംബ്ലി ( 2,3,4 ക്ലാസ്സുകളിൽ)

**ഉപമേഖല** : ഭാഷാപ്രകടനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷിൽ ആശയാവിഷ്കാരം നടത്താൻ അവസരം നൽകൽ. | മാസത്തിലൊരിക്കൽ അസംബ്ലിയിലെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ജൂലൈ - മാർച്ച് | ക്ലാസ്സ് അധ്യാപകർ |

**പ്രവർത്തനം : 3**

**പേര്** : റീഡേഴ്സ് തിയേറ്റർ (1,2,3,4 ക്ലാസ്സുകളിൽ )

**ഉപമേഖല** : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | സ്കൂളിൽ ലഭ്യമായവയും രക്ഷിതാക്കളെ ഉപയോഗപ്പെടുത്തി ക്കൊണ്ടുമുള്ള വായന സാമഗ്രികൾ തയ്യാറാക്കൽ. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | 2000 |

**പ്രവർത്തനം : 4**

**പേര്** : ഇംഗ്ലീഷ് റീഡിങ്ങ് കോർണർ ( 1,2,3,4 ക്ലാസ്സുകളിൽ)

**ഉപമേഖല** : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലുള്ള സമഗ്ര വികാസം. | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് റീഡിങ്ങ് കോർണറുകൾ സജ്ജമാക്കൽ. | ജൂൺ - മാർച്ച് | ക്ലാസ് അധ്യാപകർ | |

**പ്രവർത്തനം : 5**

**പേര്** : മൈ ഇംഗ്ലീഷ് വേൾഡ് (1,2,3,4 ക്ലാസ്സുകളിൽ)

**ഉപമേഖല** : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തൽ. | വേർഡ് വെബ്, വേർഡ് പസ്സിൽ, വേർഡ് ചെയിൻ, റിഡിൽസ് വേർഡ് പിരമിഡ്, ചെറു വാചകങ്ങൾ എന്നിവ ഉപയോഗിച്ച് വ്യവഹാര രൂപങ്ങൾ മെച്ചപ്പെടുത്തൽ. | വർഷം മുഴുവൻ | അധ്യാപകർ |

**പ്രവർത്തനം : 6**

**പേര്** : **MY GROWING DICTIONARY** (2,3,4 ക്ലാസ്സുകളിൽ)

**ഉപമേഖല** : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പദസമ്പത്ത് വർദ്ധിപ്പിക്കൽ | ഓരോ യൂണിറ്റിലെയും പുതിയ വാക്കുകൾ അർത്ഥസഹിതം ഡിക്ഷണറി രൂപത്തിൽ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ഇംഗ്ലീഷ് ഭഷാദ്ധ്യാപകർ |

| **പ്രവർത്തനം : 7**<br>**പേര്** : വർക്ക് ഷീറ്റ് വർക്ക് ഷോപ്പ് (1,2,3, 4 ക്ലാസ്സുകളിൽ)<br>**ഉപമേഖല** : അധ്യാപക ശാക്തീകരണം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | സാമ്പത്തിക വിശകലനം |
| മുഴുവൻ കുട്ടികളും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അധ്യാപകരുടെ നേതൃത്വത്തിൽ വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. | ജൂൺ | എസ് ആർ ജി | 4000 |

## അറബി

| **പ്രവർത്തനം : 1**<br>**ഉപമേഖല : അടിസ്ഥാന ശേഷി വികസനം** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | സാമ്പത്തിക വിശകലനം |
| **അറബി ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നോട്ടുകൊണ്ടുവരിക** | ♦ പ്രീ ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു<br>♦ അക്ഷര കാർഡുകൾ നൽകുന്നു<br>♦കമ്പ്യൂട്ടറിന്റെ സഹായത്തോടെ അക്ഷര ഗെയിമുകൾ, നിറം നൽകൽ, തുടങ്ങിയവയിലൂടെ അക്ഷരങ്ങൾ ഉറപ്പിക്കുന്നു | 3 മാസം<br>സാമ്പത്തികം | അറബി ടീച്ചർ | 1500 |

**പ്രവർത്തനം : 2**

**ഉപമേഖല : വായനയുടെ ലോകത്തേക്ക്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **എല്ലാ കുട്ടികളെയും നല്ല വായനക്കാരാക്കുക** | കുട്ടികൾഅറബിയിലു ള്ളചിത്രകഥകൾ,ചെറു കഥ, കുട്ടിക്കവിതകൾ, ലഘു വിവരണങ്ങൾ തുടങ്ങിയവ വായിക്കുന്നു<br>♦ വായന മത്സരം നടത്തുന്നു<br>♦ ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു<br>♦ ക്ലാസ് വായന നടത്തുന്നു | 6 മാസം<br>സാമ്പ ത്തികം | അറബി ടീച്ചർ | 1500 |

**പ്രവർത്തനം : 3**

**ഉപമേഖല : അറബിക് കമ്മ്യൂണിക്കേഷൻ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **അറബി ഭാഷ സംസാരിക്കുവാനുള്ള കഴിവ് വർദ്ധിപ്പിക്കുക** | ♦അറബി ക്ലാസുകളിൽ അറബിയിൽ തന്നെ ആശയവിനിമയം നടത്തുക<br>♦പ്രാർത്ഥന പ്രതിജ്ഞ ലഘു പ്രസംഗം എന്നിവ അറബിയിൽ നടത്താൻ പരിശീലിപ്പിക്കുക<br>♦ ബാലസഭ, സ്കൂൾ വാർഷികം പോലുള്ളവയിൽ<br>അറബി മോണോ ആക്ട്, ചിത്രീകരണം എന്നിവ നടത്തുക | 3 മാസം | അറബി ടീച്ചർ | 1500 |

**പ്രവർത്തനം : 4**

**ഉപമേഖല : ഒരാഴ്ച അഞ്ചു വാക്ക്.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ പദസമ്പത്ത് വർദ്ധിപ്പിക്കുക | ♦ ആഴ്ചയിൽ 5 പദങ്ങളും അതിന്റെ പ്രയോഗങ്ങളും കുട്ടി പഠിക്കുന്നു<br>♦ പദനിർമ്മാണ മത്സരം,, പദപ്പയറ്റ് പദകേളി മത്സരങ്ങളും നടത്തി സമ്മാനം നൽകുന്നു | 6 മാസം | അറബി ടീച്ചർ | 1500 |

**പ്രവർത്തനം : 5**

**ഉപമേഖല : അറബി ഭാഷ എഴുത്തിന്റെ പരിപോഷണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **അറബി ഭാഷയുടെ തനതായ എഴുത്ത് രൂപവും ശൈലിയും കുട്ടികൾ ആർജിക്കുക** | ♦ കയ്യെഴുത്ത് മത്സരം, കഥ, കവിത, എന്നീ മത്സരങ്ങൾ നടത്തുന്നു<br>♦ വർക്ക് ഷീറ്റ് തയ്യാറാക്കി കുട്ടികളെ കൊണ്ട് പ്രവർത്തനം ചെയ്യിക്കുക<br>♦ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ തയ്യാറാക്കുക<br>♦കയ്യെഴുത്തു മാഗസിൻ, ചാർട്ട് എഴുത്ത് വായനാക്കുറിപ്പുകളുടെ പതിപ്പ് എന്നിവ തയ്യാറാക്കുക | 1 വർഷം | അറബി ടീച്ചർ | 500 |

**പ്രവർത്തനം : 6**

**ഉപമേഖല : സർഗ്ഗമികവിന്റെ വഴിയിൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **കുട്ടികളിൽ സർഗ്ഗശേഷി വളർത്തിക്കൊണ്ടു വരിക** | ♦ബാലസഭകളിൽ അറബിഗാനം സംഘഗാനം, ആംഗ്യപ്പാട്ട്, പദ്യംചൊല്ലൽ കഥ പറയൽ, എന്നിവയിൽ പങ്കെടുക്കാനായി കുട്ടികളെ പ്രാപ്തരാക്കുക | 1 വർഷം | അറബി ടീച്ചർ | |

## പരിസരപഠനം

**പ്രവർത്തനം : 1**

**പേര്** : ശാസ്ത്രപഠനോപകരണ ശില്പശാല

**ഉപമേഖല** : നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയ ശേഷികൾ വികസിപ്പിക്കുക. | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങും വിധം ശില്പശാലകൾ,വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കൽ. | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | 3000 |

**പ്രവർത്തനം : 2**

**പേര്** : എന്റെ പരീക്ഷണം

**ഉപമേഖല** : ശാസ്ത്ര അവബോധം വളർത്തൽ

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്തുക<br>ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ടപരീക്ഷണത്തിൽ ഏർപ്പെടുന്നു. പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു. | എല്ലാ മാസത്തിലും | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 3**

**പേര്** : ശാസ്ത്രമൂല

**ഉപമേഖല** : ശാസ്ത്ര പഠനം- ലളിതം രസകരം

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠനത്തിനിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ കണ്ടെത്തുക. | ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ.<br>വാർത്തകൾ, ചിത്രങ്ങൾ പ്രദർശിപ്പിക്കൽ.<br>പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | 2000 |

| **പ്രവർത്തനം : 4**<br>**പേര്** **:** ശാസ്ത്രോത്സവം<br>**ഉപമേഖല** **:** ശാസ്ത്രപഠന മികവ് | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | സാമ്പത്തിക വിശകലനം |
| ശാസ്ത്ര വിഷയങ്ങളിലേക്കുള്ള താല്പര്യവും മനശാസ്ത്രപരവുമായ ഉത്സാഹവും വളർത്തുക. | ക്ലാസ് മുറികളിൽ ശാസ്ത്രപ്രയോഗങ്ങൾ സൃഷ്ടിക്കുകയും എല്ലാ കുട്ടികളെയും പങ്കാളികൾ ആക്കുന്നു. | മാർച്ച് | S R G<br>ശാസ്ത്ര ക്ലബ്ബ് | 2000 |

| **പ്രവർത്തനം : 5**<br>**പേര്** **:** സ്കൂൾ പാർലമെന്റ് ഇലക്ഷൻ<br>**ഉപമേഖല** **:** തിരഞ്ഞെടുപ്പ് | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | സാമ്പത്തിക വിശകലനം |
| കുട്ടികളിൽജനാധിപ ജനാധിപത്യമൂല്യങ്ങളു ംനേതൃപാടവവും വളർത്തുക | തിരഞ്ഞെടുപ്പ് ഘട്ടങ്ങൾ എല്ലാം പാലിച്ചു കൊണ്ട് സ്കൂൾ ലീഡറെ തിരഞ്ഞെടുക്കുന്നു | ജൂലൈ-8 | S R G<br>അച്ചടക്ക കമ്മിറ്റി | |

## ഗണിതം

| **പ്രവർത്തനം : 1**<br>**പേര്** **:** ഗണിത വർക്ക്ഷീറ്റ്<br>**ഉപമേഖല** **:** വർക്ക് ഷീറ്റ് തയ്യാറാക്കൽ | |
|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** |
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക. | എല്ലാ ക്ലാസ്സ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കൽ. |

| പ്രവർത്തനം : 2 | | | |
|---|---|---|---|
| പേര് : ഗണിതമൂല | | | |
| ഉപമേഖല : ഗണിതകേളികൾ | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| അടിസ്ഥാന ഗണിത ആശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജിക്കുന്നതിന് . | മുഴുവൻ ക്ലാസിലും ഗണിത മൂലകൾ ക്രമീകരിക്കൽ (മഞ്ചാടി(std1), ജാമിതീയ രൂപനിർമ്മാണം,(1,2,3,4) സംഖ്യാ കാർഡ്, സംഖ്യ പോക്കറ്റ്,(std2,3,4) ടാൻഗ്രാം (std4) നിർമ്മാണം, കളിനോട്ട്, കളിനാണയം,(std2,3,4) ത്രിമാനരൂപ നിർമ്മാണം,(std4) അബാക്കസ് (std1),( ക്ലോക്ക് നിർമ്മാണം,(std3) കലണ്ടർ(std2) | ജൂൺ - നവംബർ | സി പി ടി എ ക്ലാസ് ടീച്ചർ എസ്. ആർ ജി |

| പ്രവർത്തനം : 3 | | | |
|---|---|---|---|
| പേര് : യൂണിറ്റ് വിലയിരുത്തൽ | | | |
| ഉപമേഖല : ടെസ്റ്റ് | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ. | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാരബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ |

| പ്രവർത്തനം : 4 | | | |
|---|---|---|---|
| പേര് : ഗണിത ക്ലാസ് പിടിഎ | | | |
| ഉപമേഖല : സി പി ടി എ ശാക്തീകരണം | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്നു ഉറപ്പാക്കൽ. | ഓരോ ക്ലാസിലും ഗണിത പാഠങ്ങളിലെ തുടർ പ്രവർത്തനങ്ങൾ രക്ഷിതാക്കൾ ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ് ടീച്ചർ |

# തനത് പ്രവർത്തനം

**പ്രവർത്തനം : 1**

**പേര് : Knowledge hunt**

**ഉപമേഖല :**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആനുകാലിക സംഭവങ്ങളെക്കുറിച്ച് അവബോധമുള്ളവരാക്കുന്നതിനും മത്സര പരീക്ഷകളിൽ വിജയം കൈവരിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക | കുട്ടികൾക്ക് പത്രവാർത്താ ചോദ്യങ്ങൾ നൽകി ക്വിസ് മത്സരം നടത്തി സമ്മാനങ്ങൾ നൽകുന്നു | ജൂൺ - മാർച്ച് | S R G ശാസ്ത്ര ക്ലബ്ബ് | 2000 |

# ഇൻക്ലൂസീവ് എഡ്യൂക്കേഷൻ

**പ്രവർത്തനം : 1**

**പേര് :മണലെഴുത്ത്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടിയിൽ അക്ഷരങ്ങൾ തിരിച്ചറിയുന്നതിനും ഉറപ്പിക്കുന്നതിനും. | അക്ഷരങ്ങളും സാൻഡ് ട്രേയും നൽകുന്നു. അക്ഷര കാർഡുകൾ നോക്കി സാൻഡ് ട്രേയിൽഎഴുതുന്നു. | ജൂൺ-മാർച് | ക്ലാസ് ടീച്ചർ |

**പ്രവർത്തനം : 2**

**പേര് :**ഗെയിമുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളുടെ ശ്രദ്ധ വർദ്ധിപ്പിക്കുന്നതിന് വേണ്ടി | കുട്ടികളുടെ ശ്രദ്ധ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ വിവിധ ഗെയിമുകൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു. | ജൂൺ-മാർച് | ക്ലാസ് ടീച്ചർ |

**പ്രവർത്തനം : 3**

**പേര്** : നിറം കൊടുക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| നിറം കൊടുക്കൽ പ്രവർത്തനങ്ങൾ കുട്ടികളുടെ കയ്യും കണ്ണും തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുകയും സൃഷ്ടിപരത്വം വളർത്തുകയും ചെയ്യുന്നു. കുട്ടികൾക്ക് നിറങ്ങളും രൂപങ്ങളും തിരിച്ചറിയാനും ശ്രദ്ധയും ശാന്തതയും വളർത്താനും ഇത് സഹായിക്കുന്നു | ആവശ്യമായ വർക്ക് ഷീറ്റുകളും, ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങളും നൽകുന്നു. | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ |

## ഐ സി ടി

**പ്രവർത്തനം : 1**

**പേര്** : I CT പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം ഒരുക്കുക. | Playbox പ്രവർത്തനങ്ങൾ | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ |

**പ്രവർത്തനം : 2**

**പേര്** : വിജ്ഞാനം വിരൽത്തുമ്പിൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അറിവ് നിർമാണ പ്രക്രിയയിൽ ICT സാധ്യതകൾ പ്രയോജനപ്പെടുത്തുക | പഠനഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ' | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ |

# ആരോഗ്യ -കായിക വിദ്യാഭ്യാസം

**പ്രവർത്തനം : 1**

**ഉപമേഖല: കായികാരോഗ്യം വീണ്ടെടുക്കാം.**

**പേര് : യോഗ.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| മനസിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് പ്രയാസ മേഖലകളിലും മാനസിക പ്രതിസന്ധി ഘട്ടങ്ങളിലും തളരാതെ ആരോഗ്യവാന്മാരാക്കുക. | സ്കൂൾ അസംബ്ലിയിൽ യോഗാ പരിചയവും ലഘുവായ ആസനങ്ങൾ ചെയ്യിക്കലും ശേഷം മൂന്നാം ക്ലാസ് വിദ്യാർത്ഥികൾക്ക് യോഗാ പരിശീലനം. | ജൂൺ 23 | SRG |

**പ്രവർത്തനം : 2**

**ഉപമേഖല: ഫിറ്റ്നസ്സ്, എക്സർസൈസ്.**

**പേര് : നിലനിർത്താം ആരോഗ്യം എന്നെന്നും.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും വ്യായാമം, കളികൾ എന്നിവയിലൂടെ ആരോഗ്യ ക്ഷമത ഉറപ്പു വരുത്തുക. | സുംബ, എയ്റോബിക്സ്, ലഘുവ്യായാമങ്ങൾ. | ജൂൺ - മാർച്ച് | SRG |

## <u>പ്രവൃത്തിപരിചയം</u>

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| നിർമാണാത്മകകഴിവുകൾ കുട്ടികളിൽ വികസിപ്പിക്കുക | പ്രവൃത്തിപരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽകൽ (ചന്ദനത്തിരി, വെജിറ്റബിൾ പ്രിന്റിംഗ്) | സെപ്തം ബർ | മേള കൺവീനർ |
| പഠനവുമായിപ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക. | പാഠഭാഗത്തെ ഒറിഗാമി പ്രവർത്തനങ്ങൾ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |

## സർഗവേദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കലാഭിരുചി വളർത്തുക | മാസത്തിൽ ഒരു ദിവസം ക്ലാസിലും ടേമിലൊന്നിൽ വിദ്യാലയതലത്തിലും സർഗവേദി നടത്തൽ | | ക്ലാസ് അധ്യാപകർ വിദ്യാരംഗം കൺവീനർ |
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരം ഒരുക്കുക | കുട്ടികളുടെ മികവുകൾ സാമൂഹ്യ മാധ്യമങ്ങളിൽ പങ്കുവെക്കൽ | ജൂൺ - മാർച്ച് | Publicity committee |

## ഹരിതവിദ്യാലയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിൽ പരിസര ശുചീകരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നു. | ഹരിത സേന രൂപീകരണം മാലിന്യങ്ങൾ തരംതിരിക്കൽ | ജൂൺ - മാർച്ച് | ശുചിത്വ ഗ്രൂപ്പ് |
| കുട്ടികളിൽകൃഷിയോടുള്ള താത്പര്യം വളർത്തുന്നു | ജൈവവൈവിധ്യ ഉദ്യാനത്തിന്റെ പരിപാലനം | ജൂൺ - മാർച്ച് | ഉദ്യാന കമ്മിറ്റി |

## മോണിറ്ററിംഗ്

- SMC പ്രസിഡണ്ട്, MPTA പ്രസിഡണ്ട്, HM, അധ്യാപക പ്രതിനിധികൾ ഇവരുടെ കമ്മിറ്റി AMP പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.
- SRG യോഗങ്ങളിൽ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.
- HM പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.

# <u>ഉപസംഹാരം</u>

2025-26 അധ്യയന വർഷത്തേക്കുള്ള സ്കൂൾ അക്കാദമിക് മാസ്റ്റർ പ്ലാൻ, ഓരോ വിദ്യാർത്ഥിക്കും സമഗ്രവും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന പ്രധാന ലക്ഷ്യത്തോടെ രൂപീകരിച്ചിരിക്കുന്നു.

ഈ പദ്ധതിയുടെ വിജയകരമായ നടപ്പാക്കലിന് അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും സർക്കാരിന്റെയും ഏകോപിതമായ സഹകരണം നിർണായകമാണ്. വിവിധ തലങ്ങളിലുള്ള അക്കാദമിക് വിദഗ്ധരും രക്ഷിതാക്കളും ഉൾപ്പെടുന്ന ' മോണിറ്ററിംഗ് കമ്മിറ്റിയുടെ നിർദേശങ്ങൾ പ്രകാരം ആവശ്യമായ മാറ്റങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.

പഠനനിലവാരത്തിന് സഹായകമായ ആധുനിക ഭൗതികസൗകര്യങ്ങളുടെ അഭാവം, പ്രത്യേകിച്ച് ക്ലാസ് മുറികളുടെ അപര്യാപ്തത, നിലവിൽ സ്ഥാപനത്തിന് വലിയ വെല്ലുവിളിയായി തുടരുന്നു. ഈ വിഷയത്തിൽ ബന്ധപ്പെട്ട അധികാരികളുമായി തുടർച്ചയായി ആശയവിനിമയം നടത്തി വരുന്നു . പക്ഷേ ഒരു ശാശ്വത പരിഹാരത്തിന് കാലതാമസമുണ്ടാവും

ഇതുമൂലം അധ്യാപകരും വിദ്യാർത്ഥികളും നിർബന്ധിതമായ പരിമിതികളിൽ പ്രവർത്തിക്കേണ്ടിവരുന്നെങ്കിലും, നിലവിലെ സാഹചര്യത്തെ പ്രതിസന്ധിയല്ലാതെ, അവസരമായി വീക്ഷിച്ച്, പ്രതിബദ്ധതയോടെ ആധുനിക വിദ്യാഭ്യാസലക്ഷ്യങ്ങൾ കൈവരിക്കാനായി അധ്യാപകസമൂഹം ആത്മാർത്ഥമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ, ഓരോ വിദ്യാർത്ഥിയുടെയും ബൗദ്ധിക, സാംസ്കാരിക, സാമൂഹിക,മാനസിക വിപുലതയ്ക്ക് അനുകൂലമായ ഒരു ദിശാനിർദ്ദേശമായി പ്രവർത്തിക്കട്ടെയെന്ന് പ്രത്യാശിക്കുന്നു.

********************************



***GLPS MAMANKARA***